കേരള സർക്കാർ

# മഞ്ഞപ്ര ഗ്രാമപഞ്ചായത്ത്

# 2018-19

# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
website:www.lfa.kerala.gov.in
e-mail:doekm.ksad@kerala.gov.in

രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി4)1207/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in
തീയതി : 05.09.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മഞ്ഞപ്ര ഗ്രാമ പഞ്ചായത്ത്
സർ,

വിഷയം : മഞ്ഞപ്ര ഗ്രാമപഞ്ചായത്ത്- 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മഞ്ഞപ്ര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും ഭാഗം 3 ലെ യും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/ഇ.കെ.എം(പി4) 1207/2019 തിയ്യതി: 05.09.2019

## എറണാകുളം ജില്ലയിലെ മഞ്ഞപ്ര ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994* ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് *215(4) , 1994* ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് *13, 1996*ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം *18* എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്*.)*

എറണാകുളം ജില്ലയിലെ മഞ്ഞപ്ര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 1.4.2018മുതൽ 31.3.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്ക് ലഭിച്ച മറുപടി പരിഗണിച്ചതിനു ശേഷം നിലനിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ജയ സി.ആർ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 17-06-19 മുതൽ<br>02-07-2019വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തികയും | സുരേഷ് .എസ്,<br>ഓഡിറ്റ് ഓഫീസർ<br>ഷെഫീക്ക് എം ,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ<br>രാജൻ കെ.വി,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ<br>(24-06-19 വരെ) |

### നിർവ്വഹണ ഉദ്യോഗസ്ഥർ

| | പേര് | മുതൽ | വരെ |
|---|---|---|---|
| പ്രസിഡന്റ് | ശ്രീ.ചെറിയാൻ തോമസ് | 01.04.2018 | 31-03-19 |
| സെക്രട്ടറി | ശ്രീ രാധാകൃഷ്ണൻ | 01-04-18 | 31-07-18 |
| | ശ്രീമതി ഷീല റ്റി.പി | 01-08-18 | 05-8-18 |

| | | | |
|---|---|---|---|
| | ശ്രീ. ഷെഫീക്ക് പി.എം | 06-08-18 | 25-09-18 |
| | ശ്രീമതി ഷീല റ്റി.പി | 26-09-18 | 14-10-18 |
| | ശ്രീ.അബ്ദുൾ ഹക്കിം | 15-10-18 | 31-03-19 |

| | ഉദ്യോഗപ്പേര് | പേര് | മുതൽ | വരെ |
|---|---|---|---|---|
| 1 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി ഷീല റ്റി.പി<br>ശ്രീ.നൈറ്റോ ബേബി അരീക്കൽ | 01.04-2018<br>10-12-18 | 09-12-18<br>31.03.19 |
| 2 | കൃഷി ഓഫീസർ | ശ്രീ. ബഷി<br>ശ്രീമതി. ഗീത ആർ ചന്ദ്രൻ | 1-04-2018<br>03-08-18 | 02-08-18<br>31-03-19 |
| 3 | വെറ്ററിനറി സർജൻ | ഡോ. ശൈലേഷ് കുമാർ എസ് | 01-04-18 | 31-03-19 |
| 4 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.നസീമ കെ.ഇ | 01-04-18 | 31-03-19 |
| 5 | മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി.) | ഡോ.സാലിമ അബ്ദുൾ സലാം<br>ഡോ.ലിജ്ജ ജോർജജ്<br>ഡോ.ലിജാ ദിവാകരൻ | 01-04-18<br>05-06-18<br>16-07-18 | 04-06-18<br>15-07-18<br>31-03-19 |
| 6 | ഹെഡ്മാസ്റ്റർ, | ശ്രീ. ജെയിംസ് .പി | 01-04-18 | 31-03-19 |
| 7 | അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി.അനപ്രിയ ആർ<br>ശ്രീ.അരുൺകുമാർ കെ.എസ് | 01-04-18<br>07-03-19 | 06-03-19<br>31-03-19 |
| 8 | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ-തവളപ്പാറ സർക്കിൾ | ശ്രീമതി.സ്മിത.കെ ശശീന്ദ്രൻ | 01-04-18 | 31-03-19 |
| 9 | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ-മഞ്ഞപ്ര സർക്കിൾ | ശ്രീമതി.ഷീന വർഗ്ഗീസ് | 01-04-18 | 31-03-19 |
| 10 | ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ. ഗോപകുമാർ | 01-04-18 | 31-03-19 |

**ഉള്ളടക്കം**


| ക്രമ നം. | | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം -1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |

| | | |
|---|---|---|
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| | ഭാഗം -2 | |
| 13 | ബിൽഡിംഗ് പെർമിറ്റ് -അപാകതകൾ | 2-1 |
| 14 | തൊഴിൽ നികുതി, ഡി & ഒ ലൈസൻസ് (FTE AOS) - സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. | 2-2 |
| 15 | കശാപ്പുശാലകളും ഇറച്ചിക്കടകളും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 2-3 |
| | ഭാഗം -3 | |
| 16 | ഉണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ പ്രവൃത്തികൾക്ക് 7.5% ഓവർഹെഡ് ചാർജ് - VAT നിലവിലില്ലാത്തതിനാൽ ബില്ലിൽ നിന്നും 5% തുക കുറവു ചെയ്തില്ല - അധികം നൽകിയത് 115960/- | 3-1 |
| 17 | സംരക്ഷണ ഭിത്തി ഉയർന്ന ഗ്രേഡിലുള്ള സിമന്റ് കോൺക്രീറ്റിംഗിൽ നിർമ്മിക്കുന്നത് അധികച്ചെലവിനിടയാക്കുന്നു | 3-2 |
| 18 | മരാമത്ത് പ്രവൃത്തിയുടെ ബില്ലിൽ നിന്നും GST ഈടാക്കിയില്ല. | 3-3 |
| 19 | ഉയർന്ന നിരക്ക് നൽകിയത് മൂലം അധികം നൽകാനിടയായത് 3338/- രൂപ | 3-4 |
| 20 | അങ്കണവാടികൾക്ക് സ്ഥലം വാങ്ങൽ-അപാകത | 3-5 |
| 21 | വാഹനത്തിന്റെ ഇൻഷുറൻസ്-സർക്കാർ നിർദ്ദേശം പാലിക്കണം | 3-6 |
| 22 | വിനിയോഗസാക്ഷ്യ പത്രം ഓഡിറ്റിന് ഹാജരാക്കിയില്ല - തടസ്സം 775164രൂപ | 3-7 |
| 23 | വീട് പുനരുദ്ധാരണം -നൽകുന്നത് തുച്ഛമായ തുക | 3-8 |
| 24 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് -അർഹമായ തുക നല്കിയില്ല. | 3-9 |
| 25 | മരുന്നുകൾ പൂർണമായും ലഭിച്ചില്ല | 3-10 |
| 26 | വസ്തു നികുതി പരിഷ്കരണം - പ്രതിഫലം നൽകിയത് ക്രമ പ്രകാരമല്ല. | 3-11 |
| | ഭാഗം -4 | |
| 27 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 28 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 30 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 31 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 32 | ഓഡിറ്റ് റിക്കവറി | 4-6 |
| 33 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 34 | ചാർജ്/ സർചാർജ് നടപടികളുടെ വിവരം | 4-8 |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധങ്ങൾ | |
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 2 | ബാലൻസ് ഷീറ്റിന്റെ പകർപ്പ് | അനുബന്ധം-2 |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിന്റെ പകർപ്പ് | അനുബന്ധം-3 |
| 4 | റസീപ്റ്റ് & പേമെന്റ് അക്കൗണ്ടിന്റെ പകർപ്പ് | അനുബന്ധം-4 |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

. 2018-19 വർഷത്തെ ബജറ്റ് 23-03-18 തീയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 05-02-19 തീയതിയിലെ 3 (1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.7.2019 | 09-04-19 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കറ്റ് നം./ തീയതി | പരാമർശം |
|---|---|---|
| 2018-19 | ഈ റിപ്പോർട്ടിനോടൊപ്പം ചേർത്തിട്ടുണ്ട് | വിശേഷണങ്ങളോടു കൂടിയത്. |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 6485492 |
| വരവ് | 68574323 |
| ആകെ | 75059815 |
| ചെലവ് | 66057181 |
| നീക്കിയിരിപ്പ് | 9002634 |

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 8150322 | 815032 | 815032 | |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | 0 | 2500156 | 2500156 | 2500156 | |
| വികസന ഫണ്ട് – ടി.എസ്.പി (ACR പ്രകാരം) | 0 | 78000 | 78000 | 0 | |
| മെയിൻറനൻസ് , റോഡ് (ACR പ്രകാരം) | 0 | 18374441 | 18374441 | 18374441 | |
| മെയിൻറനൻസ് , നോൺ റോഡ് (ACR പ്രകാരം) | 0 | 2742954 | 2742954 | 2742954 | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാൻറ് (ACR പ്രകാരം) | | 2999917 | 2999917 | 2999917 | |

| | | | | | | |
|---|---|---|---|---|---|---|
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | | 0 | 0 | 0 | |
| സാക്ഷരത | | 1000 | 0 | 1000 | 0 | 1000 |
| ദുരിതാശ്വാസനിധി | | 0 | 50819 | 50819 | 0 | 50819 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളി കളുടെ കൂലി | 0 | 18779000 | 18779000 | 18779000 | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 6948 | 586493 | 593441 | 590159 | 3282 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | ICDS | 693914 | 418550 | 1112464 | 700000 | 412464 |
| | ODF | 179167 | 25000 | 204167 | 187867 | 16300 |
| | NIRMAL | | | | | |
| ജോയിൻറ് വെഞ്ചർ അക്കൌണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 1293856 | 1764080 | 3057936 | 2846230 | 211706 |
| | ജില്ലാ പഞ്ചായത്ത് | 4500000 | 1654139 | 6154139 | 6154139 | 0 |
| ബി ഫണ്ട് | | 0 | 36553280 | 36553280 | 36553280 | |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 6838557 | 6838557 | 6755434 | 83123 |
| തനത് ഫണ്ട് | ബാങ്ക് അക്കൌണ്ട് | 4234282 | 13704511 | 17938793 | 11562749 | 6376044 |
| | ട്രഷറി അക്കൌണ്ട് | 23469 | 2636902 | 2660371 | 2302945 | 357426 |
| മറ്റിനം (ലൈഫ്) | | 1736 | 1189 | 2925 | 0 | 2925 |
| ഗുണഭേക്തൃവിഹിതം | | 4518 | 333028 | 337546 | 333028 | 4518 |
| സമ്പൂർണ ശുചിയ്വം | | 0 | 1`200000 | 1200000 | 581305 | 618695 |
| MLA ഫണ്ട് | | 0 | 1552064 | 1552064 | 1552064 | 0 |
| Flood relief grant | | | 325000 | 325000 | 325000 | 0 |
| ശുചിത്വമിഷൻ ഫണ്ട് | | 250000 | 534400 | 784400 | 155000 | 629400 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 152 | 82333413 | 97 | 51437296 | 3 | 52 | 63 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 6948 | 586493 | 593441 | 590159 | 3282 |
| ഗുണഭോക്താക്കൾക്ക് | --- | 18779000 | 18779000 | 18779000 | ---- |

| | | | | | |
|---|---|---|---|---|---|
| നേരിട്ട് നൽകുന്നത് | | | | | |
| ആകെ | 6948 | 19365493 | 19372441 | 19369159 | 3282 |

# 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 4080 | 3 |
| കർഷകതൊഴിലാളി പെൻഷൻ | 1554800 | 384 |
| വിധവാപെൻഷൻ | 9253200 | 2240 |
| വാർദ്ധക്യകാലപെൻഷൻ | 21657900 | 5264 |
| വികലാംഗപെൻഷൻ | 3158800 | 737 |
| വിവാഹധനസഹായം | 180000 | 6 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 719100 | 168 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

. 1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20-06-2019 ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5335/- രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

1.ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്.

2. രജിസ്റ്ററുകളും ചെലവുരേഖകളും തൃപ്തികരമായ രീതിയിൽ സൂക്ഷിക്കുന്നുണ്ട്.

3. ചരക്കുകളുടേയും സേവനങ്ങളുടേയും വാർഷിക വാങ്ങലുകൾക്ക് നിശ്ചിത തുക ബജറ്റിൽ വകയിരുത്തുക മാത്രമാണ് ചെയ്യുന്നത്. വാർഷികാവശ്യം പരിഗണിച്ച് വാങ്ങലുകൾ തിട്ടപ്പെടുത്തപ്പെടുന്നില്ല.

4. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.

5വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

6. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

7. ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. ആർജ്ജിക്കുന്ന ആസ്തികൾ യഥാസമയം രജിസ്റ്ററിൽ ചേർക്കപ്പെടുന്നില്ല.

8. ആസ്തികൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുന്നില്ല.

9. കാലഹരണപ്പെട്ടതും പ്രവർത്തനരഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21-12-2018 | 11/18വരെ | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ് | 06-01-2014 | 2008-09 മുതൽ 2012-13വരെ | 25-02-14 |

# 1-12 വാർഷിക കണക്കിലെ അപാകതകൾ

ഓഡിറ്റ് സാക്ഷ്യപത്രത്തിൽ വിശദ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

# ഭാഗം -2
# വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 ബിൽഡിംഗ് പെർമിറ്റ് -അപാകതകൾ

2011ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം ലഭിക്കുന്ന അപേക്ഷകളിന്മേൽ 30 ദിവസത്തിനുള്ളിൽ നടപടിയെടുക്കണം (സ്വീകരിക്കൽ/നിരസിക്കൽ) എന്നിരിക്കെ ആകെ ലഭിച്ച 132 അപേക്ഷകളിൽ 26 അപേക്ഷകളിന്മേൽ നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | അപേക്ഷകൻ,അപേക്ഷ നം | അപേക്ഷ സമർപ്പിച്ച തീയതി | ഇനം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | കുഞ്ഞയ്യപ്പൻ,5221/18/18 | 20-10-18 | വാസഗൃഹം |
| 2 | ലിജോജോസഫ്,5561/18 | 12-11-18 | വാസഗൃഹം |
| 3 | ആനീസ്,5679/18 | 21-11-18 | വാസഗൃഹം |
| 4 | ഇന്ദിര,6205/18 | 20-12-18 | ചെറുകിടവ്യവസായം |
| 5 | ജോമി പൗളി,6237/18 | 22-12-18 | വാസഗൃഹം,വാണിജ്യം |
| 6 | ജോർജ്ജ്,6272/18 | 27-12-18 | ഡെവലപ്പ്മെന്റ് പെർമിറ്റ് |
| 7 | ജോയി,പെർമിറ്റ് രജിസ്റ്ററിൽ നമ്പരില്ല | 11-1-19 | വാണിജ്യം |
| 8 | ആനന്ദൻ,390/19 | 23-1-19 | വാസഗൃഹം |
| 9 | വികാർ &ട്രസ്റ്റി തവളപ്പാറ,472/19 | 29-1-19 | വാണിജ്യം |
| 10 | സിന്റോജോസഫ്,484/19 | 30-1-19 | വാസഗൃഹം |
| 11 | ശ്രീനിവാസരാഘവൻ,625/19 | 6-2-19 | വാസഗൃഹം |
| 12 | ലിസ്സി ജോളി,631/19 | 7-2-19 | മോട്ടോർ ഷെഡ് |
| 13 | ഷിന്റോ,658/19 | 8-2-19 | വാസഗൃഹം |
| 14 | ജോണി മാഞ്ഞാലി,830/19 | 13-2-19 | വാസഗൃഹം |
| 15 | റോബിൻ വർഗ്ഗീസ്,915/19 | 14-2-19 | വാസഗൃഹം |
| 16 | ഡേവിസ്,1335/19 | 21-2-19 | വാണിജ്യം |
| 17 | ജോയ്,1350/19 | 22-2-19 | വാസഗൃഹം |
| 18 | റിലയൻസ് ജിയോ,1417/19 | 23-2-19 | മൊബൈൽ ഫോൺ ടവർ |
| 19 | സിന്റോജോസഫ് ആന്റ് അദേഴ്സ്,1766/19 | 6-3-19 | വാസഗൃഹം |
| 20 | ഷിജോ,1804/19 | 7-3-19 | വാസഗൃഹം |
| 21 | തോമസ്,1895/19 | 8-3-19 | വ്യവസായ ഷെഡ് |
| 22 | സജീവ്&ആനി,1898/19 | 8-3-19 | വാസഗൃഹം |
| 23 | ഷാജു,2225/19 | 20-3-19 | വാസഗൃഹം |
| 24 | റോയിമനാച്ചേരി&ജോസ്,2362/19 | 26-3-19 | സിനിമ തീയ്യറ്റർ |
| 25 | ലിസ്സി,2440/19 | 29-3-19 | ഗോഡൗൺ |
| 26 | വർഗ്ഗീസ്,5535/18 | 8-11-18 | മോട്ടോർ ഷെഡ് |

ബിൽഡിംഗ് പെർമിറ്റിനായി ലഭിക്കുന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.ടി വിഷയം ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മറ്റി, പഞ്ചായത്ത് ഭരണസമിതി എന്നിവയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു

# 2-2 തൊഴിൽ നികുതി, ഡി & ഒ ലൈസൻസ് (FTE AOS) - Factories, Trades, Entrepreneurship Activities & Other Services സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത്‌രാജ് നിയമം സെക്ഷൻ 205 (ബി) പ്രകാരം കെട്ടിട ഉടമകൾക്ക്, വ്യാപാരങ്ങൾക്കും മറ്റും കെട്ടിടങ്ങൾ ഉപയോഗിക്കുന്നവരുടെ ലിസ്റ്റ് ആവശ്യപ്പെട്ട് നോട്ടീസ് നൽകുന്നതിനുള്ള നടപടികൾ സ്ഥാപനം സ്വീകരിച്ചിട്ടില്ല. ഓരോ വർഷവും ലൈസൻസിനായി നൽകുന്ന അപേക്ഷകളുടെ അടിസ്ഥാനത്തിൽ ഓരോ വർഷത്തേക്കായി മാത്രം ലിസ്റ്റ് തയ്യാറാക്കുന്നു. തൊഴിൽ നികുതി ഡിമാൻഡ് ചെയ്യുന്നതിനും, ഡി & ഒ ട്രേഡ് ലൈസൻസ് (FTE &S)നൽകേണ്ടതിനും അടിസ്ഥാനമാക്കേണ്ട സ്ഥാപനങ്ങളുടെ ആധികാരികമായ ലിസ്റ്റ് പഞ്ചായത്തിൽ തയ്യാറാക്കുന്നില്ല .ടി വിഷയത്തിന്‍ മേൽ നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് സ്ഥാപനങ്ങളുടെ സമഗ്രമായ ലിസ്റ്റ് തയ്യാറാക്കി ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളെയും ഡി & ഒ ട്രേഡ് ലൈസൻസ് (FTE &S), തൊഴിൽ നികുതി എന്നിവയുടെ പരിധിയിൽ കൊണ്ടുവരേണ്ട വിഷയം ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മറ്റി, പഞ്ചായത്ത് ഭരണസമിതി എന്നിവയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 2-3 കശാപ്പുശാലകളും ഇറച്ചിക്കടകളും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ 38 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ മൃഗത്തിന്റെയോ പക്ഷിയുടെയോ മാംസം വിൽക്കുന്നതിനുള്ള കട സ്ഥാപിക്കുന്നത് അതിനായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിട്ടുള്ള സ്ഥലത്ത് ആയിരിക്കേണ്ടതും, ഇറച്ചിക്കട ചില്ലുവച്ച് മറച്ചതും ഈച്ച മുതലായ പ്രാണികൾ കടക്കാത്തതും, ധാരാളം വായു സഞ്ചാരമുള്ളതുമായിരിക്കേണ്ടതും വഴിയാത്രക്കാർ കാണാത്ത വിധത്തിൽ ഇറച്ചി സൂക്ഷിക്കേണ്ടതും, കടയുടെ ലൈസൻസി, തന്റെ പേർ, കടയുടെ നമ്പർ, വില നിരക്കുകൾ എന്നിവ വ്യക്തമാക്കിക്കൊണ്ടുള്ള ബോർഡ് അന്യർക്ക് കാണത്തക്കവിധം കടയുടെ മുൻപിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കടകൾക്കും, കോഴി/താറാവ് വിൽപ്പന കേന്ദ്രങ്ങൾക്കും 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ, ബഹു. പഞ്ചായത്ത് ഡയരക്ടറുടെ സർക്കുലറുകൾ (സർക്കുലർ നം.27560/ജെ 2 /2000/തസ്വഭവ തീ.12-07-2000, സർക്കുലർ നം.1173/ഡിബി2/09/തസ്വഭവ തീ.17-09-2009, സർക്കുലർ നം. 66771/ഡി ബി 2/09/തസ്വഭവ തീയതി 08-01-2010, സർക്കുലർ നം. 25533/ഡി ബി 2/12/തസ്വഭവ തീയതി 06-04-2012 ) എന്നിവയിലെ നിബന്ധനകൾ പ്രകാരം ലൈസൻസ് നൽകിയിട്ടില്ല.

നിയമാനുസൃത വ്യവസ്ഥകൾ പാലിക്കാൻ സാധിക്കാത്തതു കാരണം ഗ്രാമ പഞ്ചായത്തിൽ നിലവിൽ ഇറച്ചി കടകൾക്കും കോഴി താറാവ് വില്പന കേന്ദ്രങ്ങൾക്കും ലൈസൻസ് നൽകിയിട്ടില്ല എന്നാണ് ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുള്ളത്. ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന സ്വകാര്യ കശാപ്പുശാലകൾക്കും, കോഴി/ താറാവ് വിൽപ്പന കേന്ദ്രങ്ങൾക്കും ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 3-1 ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ പ്രവൃത്തികൾക്ക് 7.5% ഓവർഹെഡ് ചാർജ് - VAT നിലവിലില്ലാത്തതിനാൽ ബില്ലിൽ നിന്നും 5% തുക കുറവു ചെയ്തില്ല - അധികം നൽകിയത് 115960/-

ഗുണഭോക്തൃ സമിതി മുഖേനേ നടപ്പിലാക്കിയ പ്രവൃത്തികൾക്ക് 7.5% ഓവർഹെഡ് ചാർജ്ജ് നൽകിയാണ് എസ്റ്റിമേറ്റിൽ നിരക്ക് അനുവദിച്ചിട്ടുള്ളത്. ഫൈനൽ ബിൽ പ്രകാരം തുക നൽകിയപ്പോൾ ബില്ലിൽ നിന്നും VAT/GST ഈടാക്കിയിട്ടില്ല. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 16-03-18ലെ DB3-9058/17/CE/LSGD നമ്പർ സർക്കുലറിൽ ഗുണഭോക്തൃസമിതി വഴി നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് 7.5% ഓവർഹെഡ് ചാർജ് കൂടി ഉൾപ്പെടുത്തിയാണ് തയ്യാറാക്കിയിട്ടുള്ളതെങ്കിൽ 01-07-17 മുതൽ VATനിലവിലില്ലാത്തതിനാൽ ബില്ലിൽ നിന്നും 5% തുക കുറവു ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ തൻ വർഷം ഗുണഭോക്തൃ സമിതി മുഖേനേ നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രവൃത്തികളുടെ ബിൽ നൽകിയപ്പോൾ മേൽ സർക്കുലറിലെ നിർദ്ദേശം പാലിച്ചിട്ടില്ല. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | കൺവീനർ | ചെയ്ത പ്രവൃത്തിയുടെ മൂല്യം/ അളവു പുസ്തകം | ചെലവുവിവരം | അധികം നൽകിയ തുക @5% |
|---|---|---|---|---|---|
| 1 | കരമല തവളപ്പാറ റോഡ് കലുങ്ക് അറ്റകുറ്റപ്പണികൾ | അഗസ്റ്റ്യൻ | 45890/- 1100/17-18 | ബിൽ നം 4/19-05-18 രൂപ 45890/- | 2295 |
| 2 | സെന്റ് മേരീസ് സ്കൂൾ ടോയ് ലെറ്റ് ബ്ലോക്ക് നിർമ്മാണം | പോൾ | 774291/- 1082/17-18 1081/17-18 | ബിൽ നം 9/03-05-18 രൂപ 340251/- ബിൽ നം 12/10-08-18 രൂപ 434040/- | 38715 |
| 3 | PHC നവീകരണം | സാംസൺ വേലായുധൻ | 1499000/- 288/18-19 | ബിൽ നം 1/23-05-18 രൂപ 237619/- ബിൽ നം 2/23-05-18 രൂപ 308125/- ബിൽ നം 3/23-05-18 | 74950 |

| | | | | | |
|---|---|---|---|---|---|
| | | | | രൂപ 233627/- ബിൽ നം 16/29-10-18 രൂപ 563692/- ബിൽ നം 23/13-12-18 രൂപ 155937/- | |
| | ആകെ | | | | 115960 |

മേൽ പ്രവൃത്തികളിൽ അധികം നൽകിയ 115960/- രൂപ ഗുണഭോക്തൃ സമിതി കൺവീനറിൽ നിന്നും ഈടാക്കേണ്ടതാണ്.അല്ലാത്ത പക്ഷം നിർവ്വഹണോദ്യോഗസ്ഥയായ അസി. എഞ്ചിനീയറുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം -8) മറുപടി നൽകിയിട്ടില്ല.

# 3-2 സംരക്ഷണ ഭിത്തി ഉയർന്ന ഗ്രേഡിലുള്ള സിമന്റ് കോൺക്രീറ്റിംഗിൽ നിർമ്മിക്കുന്നത് അധികച്ചെലവിനിടയാക്കുന്നു

ഗ്രാമപഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ സംരക്ഷണ ഭിത്തി നിർമ്മാണ പ്രവൃത്തികളിൽ സംരക്ഷണ ഭിത്തി നിർമ്മിച്ചിരിക്കുന്നത് PCC ഗ്രേഡിലുള്ള 1:2.5:5 സിമന്റ് കോണക്രീറ്റിംഗിലാണ് (M15). ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗിന്റെ 78/2016/fin dt19-09-16-ാം നമ്പർ സർക്കുലറിൽ സിമന്റ് കോൺക്രീറ്റിംഗിലുള്ള സംരക്ഷണ ഭിത്തി, M10 ഗ്രേഡിൽ (1:3:6) നിർമ്മിക്കുന്നതിനു പകരം ഉയർന്ന ഗ്രേഡിൽ നിർമ്മിക്കുന്നത് അധികച്ചെലവാണെന്നും അത് പൊതു പണത്തിന്റെ ദുരുപയോഗമാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. താഴെപ്പറയുന്ന പ്രവൃത്തികളിൽ സംരക്ഷണ ഭിത്തി ഉയർന്ന ഗ്രേഡിലുള്ള സിമന്റ് കോൺക്രീറ്റിംഗിലാണ് നിർമ്മിച്ചിരിക്കുന്നത്. ഇത് അധികച്ചെലവിനിടയാക്കി . ഏതാനും ഉദാഹരണം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | 1:2.5:5 (M15)ചെയ്ത അളവ്/ അനുവദിച്ച തുക / അളവു പുസ്തകം | M10 ഗ്രേഡിൽ നിർമ്മിച്ചിരുന്നെങ്കിൽ വരുമായിരുന്ന ചെലവ് | അധികച്ചെലവ് |
|---|---|---|---|---|
| 1 | യാക്കോബായ ചർച്ച് കനാൽ ബണ്ട് റോഡ് പാർശ്വ ഭിത്തി നിർമ്മാണം | 25.492m3 @7634.36 =194615/- 1309/17-18 | 25.492m3 @6655.78 =169669/- | 24946/- |
| 2 | ചെന്നേക്കാടൻ കവല കനാൽ | 31.356m3 @7634.36 | 31.356m3 | 30684/- |

| | | | | |
|---|---|---|---|---|
| | ബണ്ട് റോഡ് പാർശ്വ ഭിത്തി നിർമ്മാണം | =239383/- 569/18-19 | @6655.78 =208699/- | |
| 3 | തവളപ്പാറ കനാൽ ബണ്ട് റോഡ് പാർശ്വ ഭിത്തി കെട്ടി സംരക്ഷണം | 14.519m3 @7634.36 =110843/- 566/18-19 | 14.519m3 @6655.78 =96635/- | 14208/- |

അതാത് ജില്ലാ പഞ്ചായത്തുകൾ നൽകുന്ന ഗൈഡ് ലൈസൻസ് അനുസരിച്ചുള്ള സ്പെസിഫിക്കേഷൻ ഉൾപ്പെടുത്തിയാണ് സംരക്ഷണ ഭിത്തി നിർമ്മിച്ചിട്ടുള്ളതെന്ന മറുപടിയാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം -4) നൽകിയിട്ടുള്ളത്. ഇത്തരം പ്രവൃത്തികൾ ചെയ്യുമ്പോൾ സർക്കുലറിലെ നിർദ്ദേശം പാലിക്കാനും അധികച്ചെലവുണ്ടാകാതിരിക്കാനും ശ്രദ്ധിക്കേണ്ടതാണ്

# 3-3 മരാമത്ത് പ്രവൃത്തിയുടെ ബില്ലിൽ നിന്നും GST ഈടാക്കിയില്ല.

കേന്ദ്ര ധനകാര്യ വകുപ്പിന്റെ 65/39/2018-DOR തീയതി 14-09-18 പ്രകാരം 01-10-18മുതൽ GST ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. 04-10-18 ൽ പൂർത്തീകരിച്ച കോമൺ ടോയ് ലെറ്റ് ബ്ലോക്ക് നിർമ്മാണ പ്രവൃത്തിയുടെ ഫൈനൽ ബിൽ നൽകിയപ്പോൾ GST ഈടാക്കിയതായി കാണുന്നില്ല. GST ഇനത്തിൽ ഈടാക്കേണ്ട തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| പ്രവൃത്തി | കോമൺ ടോയ് ലെറ്റ് ബ്ലോക്ക് നിർമ്മാണം |
|---|---|
| കരാറുകാരൻ | കെ. എസ് പോളി |
| ചെയ്ത പ്രവൃത്തിയുടെ മൂല്യം | 581305/- |
| അളവു പുസ്തകം | 231/18-19 |
| ചെലവു വിവരം | ചെക്ക് നം 931329/26-10-18 |
| ഈടാക്കേണ്ട GST @2% | 11626/- |

ടി തുക കരാറുകാരനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണോദ്യോഗസ്ഥയായ അസി. എഞ്ചിനിയറുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം -4) മറുപടി നൽകിയിട്ടില്ല.

# 3-4 ഉയർന്ന നിരക്ക് നൽകിയത് മൂലം അധികം നൽകാനിടയായത് 3338/- രൂപ

| | |
|---|---|
| പ്രവൃത്തി | പുല്ലത്താൻ കവല ചാറ്റുപാടം റോഡ് കാന നിർമ്മാണം |
| പ്രോജക്റ്റ് നം | 128/18 |
| കരാറുകാരൻ | പോൾ പി.പി |
| ചെയ്തപ്രവൃത്തിയുടെ മൂല്യം | 169084 |
| അളവുപുസ്തകം | 645/18-19 |
| ചെലവു വിവരം | ബിൽ നം. 55/20-03-19 രൂപ 169084 |

. ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് DSR 2016 കോസ്റ്റ് ഇൻഡക്സ് 49.02 പ്രകാരമുള്ള നിരക്ക് അനുസരിച്ചാണ്.എന്നാൽ 16-11-17 ൽ ടെണ്ടർ ചെയ്തിരിക്കുന്നത് കോസ്റ്റ് ഇൻഡക്സ് 46.08 പ്രകാരമുള്ള നിരക്ക് അനുസരിച്ചാണ്. 05-02-19 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 18-ാം നമ്പർ തീരുമാനപ്രകാരം ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്തിരിക്കുന്നത് കോസ്റ്റ് ഇൻഡക്സ് 49.02 നൽകിയാണ്. ടെണ്ടർ ഷെഡ്യൂളിലെ നിരക്കിൽ നിന്നും വ്യത്യസ്തമായി പുതുക്കിയ എസ്റ്റിമേറ്റിൽ ഉയർന്ന നിരക്ക് നൽകി തുക അനുവദിച്ചത് അധികം നൽകാനിടയാക്കി . വിശദാംശം ചുവടെ കൊടുക്കുന്നു.

| ഇനം | അനുവദിച്ച നിരക്ക് തുക | ടെണ്ടർ, ഷെഡ്യൂൾ പ്രകാരമുള്ള നിരക്കും തുകയും | അധികം |
|---|---|---|---|
| Excavation in cutting soil | 22.509 m3 @259.83 = 5849 | 22.509 m3 @254.71 = 5733 | 116 |
| PCC1:3:6 | 15.006 m3 @6789.73 =101886 | 15.006 m3 @6655.70 = 99875 | 2011 |
| PCC 1:2.5:5 | 7.503 m3 @8176.53 = 61349 | 7.503 m3 @8015.21 = 60138 | 1211 |
| ആകെ | | | 3338 |

. എസ്റ്റിമേറ്റ് റിവൈസ് ചെയ്താലും ടി. എസ് ലഭിച്ച് കോസ്റ്റ് ഇൻഡക്സ് പ്രകാരമുള്ള റേറ്റ് കണക്കാക്കിയാണ് ബിൽ തുക അനുവദിക്കാറുള്ളത് എന്ന മറുപടിയാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം -8) നൽകിയിട്ടുള്ളത്. ടി മറുപടി അംഗീകരിക്കുന്നെങ്കിലും 16-11-17 ൽ ടെണ്ടർ ചെയ്തിരിക്കുന്നത് കോസ്റ്റ് ഇൻഡക്സ് 46.08 പ്രകാരമുള്ള നിരക്ക്

അനുസരിച്ചായതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടിയിരുന്നത് കോസ്റ്റ് ഇൻഡക്സ് 46.08 പ്രകാരമായിരുന്നു. ഇപ്രകാരം ചെയ്യാതെ ഉയർന്ന നിരക്ക് നൽകിയത് മൂലം അധികം നൽകാനിടയായ 3338/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം എസ്റ്റിമേറ്റ് റിവൈസ് ചെയ്ത ഉദ്യോഗസ്ഥയായ അസി. എഞ്ചിനീയറുടെ ബാധ്യതയായി കണക്കാക്കി ഈടാക്കേണ്ടതാണ്.

# 3-5 അങ്കണവാടികൾക്ക് സ്ഥലം വാങ്ങൽ-അപാകത

പ്രോജക്ട് നം :34/19

(അങ്കണവാടികൾക്ക് സ്ഥലം വാങ്ങൽ)

ചെലവ് തുക : 667110രൂപ

ബിൽ നം :7/18-19,18-6-18(600000രൂപ വികസനഫണ്ട്)

തനത് ഫണ്ട് :67110രൂപ (ചെക്ക് നം300948തീയതി 22-5-18,60150രൂപ )

(ചെക്ക് നം301012തീയതി 11-6-18,6960രൂപ )

. അങ്കണവാടികൾക്ക് സ്ഥലം വാങ്ങുന്നതിനായി പഞ്ചായത്ത്കമ്മിറ്റി നിയോഗിച്ച വാർഡ് മെമ്പർ, പ്രസിഡന്റ് എന്നിവർ കണ്ടെത്തിയ 3 സെന്റ് ഭൂമി ഉടമസ്ഥനായ ശ്രീ ഫ്രാൻസിസ് .വി.വർക്കി എന്ന വ്യക്തിയിൽ നിന്നും സെന്റിന് 200000 രൂപ നിരക്കിൽ അങ്കണവാടി നിർമ്മാണത്തിന് വാങ്ങാൻ തീരുമാനിച്ച (പഞ്ചായത്ത് കമ്മറ്റിയുടെ 27/12/17ലെ 2(5) നമ്പർ തീരുമാനം). ആയത് അനുസരിച്ച് ശ്രീ ഫ്രാൻസിസ്.വി.വർക്കിയിൽ നിന്നും 3 സെന്റ് ഭൂമി വാങ്ങി. ആകെ ചെലവ് 667110രൂപ (ഭൂമി വില സെന്റിന് 200000x3= 600000 രൂപ + സ്റ്റാമ്പ് ഡ്യൂട്ടി 48000+രജിസ്ട്രേഷൻ ചാർജ് 19110/-രൂപ) എന്നാൽ നാളിതുവരെ ടി ഭൂമി പോക്ക് വരവ് ചെയ്ത് കരം തീർത്ത് പഞ്ചായത്തിന്റെ പേരിൽ മുതൽക്കൂട്ടിയിട്ടില്ല. കൂടാതെ അങ്കണവാടി നിർമ്മാണത്തിന് നാളിതുവരെ യാതൊരു പ്രവർത്തനവും ആരംഭിച്ചിട്ടില്ല. . ഭൂമി പോക്ക് വരവ് ചെയ്ത് കരം തീർത്ത് പഞ്ചായത്തിന്റെ പേരിൽ മുതൽക്കൂട്ടിയ വിവരം, പദ്ധതിയുടെ പുരോഗതി എന്നിവ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-6 വാഹനത്തിന്റെ ഇൻഷുറൻസ്-സർക്കാർ നിർദ്ദേശം പാലിക്കണം

. ജി.ഒ.(പി)നം.819/2000/ഫിൻ തിയതി 18.4.2000 പ്രകാരം വാഹനങ്ങളുടെ തേഡ് പാർട്ടി ഇൻഷുറൻസ് കേരള സ്റ്റേറ്റ് ഇൻഷുറൻസ് വകുപ്പ് മുഖേന നടത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ബിൽ നം. 48/18-19 തീയതി 20-04-2018 തുക 11831.00 പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെ.എൽ 63-9113 -ാം നമ്പർ വാഹനത്തിന്റെ തേഡ് പാർട്ടി ഇൻഷുറൻസ് പ്രീമിയം ന്യൂ ഇൻഡ്യ അഷ്വറൻസ് കമ്പനി ലിമിറ്റഡ് മുഖേനയാണ് അടവാക്കിയിട്ടുള്ളത്.

വാഹനങ്ങളുടെ തേഡ് പാർട്ടി ഇൻഷ്വറൻസ് കേരള സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ് മുഖേന നടത്തണമെന്ന സർക്കാർ നിർദ്ദേശം ഭാവിയിൽ പാലിക്കേണ്ടതാണ്.

# 3-7 വിനിയോഗസാക്ഷ്യ പത്രം ഓഡിറ്റിന് ഹാജരാക്കിയില്ല - തടസ്സം 775164രൂപ

താഴെ പറയുന്നവയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയില്ല.വിശദ വിവരം ചുവടെ ചേർക്കുന്നു

| പദ്ധതി നമ്പർ , പേര്, ബിൽ നം/ചെക്ക് നം,നിർവഹണഉദ്യോഗസ്ഥൻ | ചെലവഴിച്ച തുക/ ഫണ്ടിനം | വിനിയോഗ സാക്ഷ്യപത്രം നല്കേണ്ടയാൾ |
|---|---|---|
| 1/19, ഐ.കെ.എം- പഞ്ചായത്ത് വിഹിതം നല്കൽ, 828355/27-7-18, സെക്രട്ടറി | 38795 രൂപ,തനത് ഫണ്ട് | എക്സിക്യൂട്ടിവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം |
| 9/19 വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ, 21/18-19/30-11-18, സെക്രട്ടറി | 300000 രൂപ, ധനകാര്യകമ്മീഷൻ | എക്സിക്യൂട്ടിവ് എഞ്ചിനീയർ കേരള വാട്ടർ അതോറിറ്റി, ആലുവ |
| 10/19 വിവിധ വാർഡുകളിൽ വൈദ്യുത പോസ്റ്റ് സ്ഥാപിച്ച് ലൈൻ നീട്ടൽ, 22/18-19/30-11-18,സെക്രട്ടറി | 299649 രൂപ, ധനകാര്യകമ്മീഷൻ | അസി.എഞ്ചിനീയർ, കെ.എസ്.ഇ.ബി, മഞ്ഞപ്ര |
| 113/19 വിവിധ വാർഡുകളിൽ റോഡിൽ നിൽക്കുന്ന വൈദ്യുത പോസ്റ്റ് മാറ്റി സ്ഥാപിക്കൽ, 057060/15-3-19 (117900 രൂപ) 057063/28.3.19 ( 18820 രൂപ), സെക്രട്ടറി | 136720 രൂപ, തനത് ഫണ്ട് | അസി. എഞ്ചിനീയർ, കെ.എസ്.ഇ.ബി. മഞ്ഞപ്ര |
| ആകെ | 775164 രൂപ | |

ടി വിഷയം സംബന്ധിച്ച് 29.6.2019 ൽ നല്കിയ എൻക്വയറി നം. 14 ന് മറുപടി നല്കിയില്ല. ആയതിനാൽ മേൽ പറഞ്ഞ ചെലവുകളുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കുന്നതുവരെ ചെലവു തുക തടസ്സത്തിൽ വെയ്ക്കുന്നു.

# 3-8 വീട് പുനരുദ്ധാരണം - നൽകുന്നത് തുച്ഛമായ തുക

വി ഇ ഒ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പൊതു വിഭാഗത്തിന്റെ (ആശ്രയ) വീട് പുനരുദ്ധാരണം എന്ന പദ്ധതിയിൽ 2018-19 വർഷത്തിൽ താഴെപ്പറയും പ്രകാരം തുക

ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നം. | 32/19 |
| പ്രോജക്ടിന്റെ പേര് | വീട് പുനരുദ്ധാരണം |
| അടങ്കൽ | 325000 രൂപ |
| ചെലവ് | 325000രൂപ /- |
| ബിൽ നമ്പർ | 4/18-19 തീയതി 31-10-18(100000രൂപ )<br>6/18-19 തീയതി 16-11-18(50000രൂപ )<br>7/18-19 തീയതി 23-11-18(50000രൂപ )<br>10/18-19 തീയതി 24-12-18(125000രൂപ ) |

325000 രൂപ വകയിരുത്തിയ മേൽ പദ്ധതിയിൽ 13 ഗുണഭോക്താക്കൾക്ക് 25,000/- രൂപ വീതം നൽകുകയാണ് ചെയ്തിട്ടുള്ളത്. തദ്ദേശഭരണസ്ഥാപനങ്ങളുടെ 2018-19 വാർഷിക പദ്ധതി സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ സ.ഉ. (എം എസ്) നമ്പർ 22/2018 ത.സ്വ.ഭ.വ തീയതി 14-02-18 പ്രകാരം 1,00,000-രൂപ വരെ ഈയിനത്തിൽ ഒരു ഗുണഭോക്താവിന് നൽകാവുന്നതാണ്. എന്നാൽ എഞ്ചിനീയർ 25000/-രൂപയിൽ അധികം വാല്യുവേഷൻ നൽകിയിരിക്കുന്ന പ്രവൃത്തികൾക്ക് പോലും ആനുകൂല്യം 25000/-രൂപയായി നിജപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. നിർമ്മാണ വസ്തുക്കളുടെ വിലയും, ഉയർന്ന കൂലിച്ചെലവും പരിഗണിക്കുമ്പോൾ 25000/-രൂപ എന്നത് അപര്യാപ്തമായ തുകയാണ്. 1,00,000/- രൂപ വരെ ആനുകൂല്യത്തിന് അർഹതയുണ്ടെന്നിരിക്കെ, കൂടുതൽ ഗുണഭോക്താക്കളെ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ വേണ്ടി കുറഞ്ഞ നിരക്കിൽ ആനുകൂല്യം അനുവദിച്ച് പദ്ധതി നടപ്പിലാക്കിയപ്പോൾ അർഹമായതിന്റെ അഞ്ചിലൊന്ന് തുക മാത്രം ലഭിക്കുകയും പിന്നീട് ഈ ആനുകൂല്യത്തിനുള്ള അർഹത നഷ്ടമാകുകയും ചെയ്യുന്നു എന്നുള്ളത് ഇത്തരത്തിൽ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ മറ്റൊരു ദൂഷ്യവശമാണ്.പഞ്ചായത്ത് ലഭ്യമാക്കിയ തുക ഉപയോഗിച്ച് യഥാർത്ഥത്തിൽ ചെയ്യേണ്ട പ്രവൃത്തികളുടെ ചെറിയ ഒരു ഭാഗം പോലും പൂർത്തീകരിക്കാൻ ഗുണഭോക്താവിന് കഴിയുന്നുമില്ല. സർക്കാർ അനുമതി നൽകിയിരിക്കുന്ന നിരക്കിൽ സബ്സിഡി വിതരണം ചെയ്യുകയാണെങ്കിൽ ഈ ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട രീതിയിൽ വീട് വാസയോഗ്യമാക്കാൻ കഴിയുമായിരുന്നു. അർഹത വിലയിരുത്തി വീട് വാസയോഗ്യമാക്കൽ പോലെയുള്ള പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണെന്ന കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 3-9 ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് -അർഹമായ തുക നല്കിയില്ല

പ്രൊജക്ട് : ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ്.

പ്രൊജക്ട്നം:21/19

അടങ്കൽ:(1557400രൂപ, വികസനഫണ്ട്സാധാരണ വിഹിതം-400000രൂപ,ബ്ലോക്ക് വിഹിതം-200000രൂപ,ജില്ലാ പഞ്ചായത്ത് വിഹിതം-957400 രൂപ)

ചെലവഴിച്ചത് :(വികസനഫണ്ട്സാധാരണ വിഹിതം-400000രൂപ,ബ്ലോക്ക് വിഹിതം-110000രൂപ,ജില്ലാ പഞ്ചായത്ത് വിഹിതം-374975 രൂപ)

ബിൽ നം:3/18-19dt 22-12-18( 400000രൂപ)

ചെക്ക് നം:2289285dt16-1-19( 110000രൂപ)

ചെക്ക് നം:2289291dt28-3-19( 374975 രൂപ)

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവഹണം നടത്തിയ മേൽ പ്രോജക്ടിൽ ശാരീരിക -മാനസിക വെല്ലുവിളികൾ നേരിടുന്ന 69 കുട്ടികൾക്കാണ് സ്കോളർഷിപ്പ് വിതരണം ചെയ്തത്. പ്രതിമാസ സ്കോളർഷിപ്പ് 1000/- രൂപയും പ്രതിമാസ യാത്രാബത്ത 1000/- രൂപയും വസ്ത്രങ്ങൾക്കുള്ള ബത്ത,വിദ്യാഭ്യാസ സാമഗ്രികൾക്കുള്ള ബത്ത എന്നീ ഇനങ്ങളിലെ വാർഷിക ബത്തകളായ യഥാക്രമം 1500/-രൂപ, 2000/-രൂപ എന്നിവയടക്കം 28,500/- രൂപയാണ് മാനസിക വെല്ലുവിളി നേരിടുന്ന 44 കുട്ടികൾക്ക് നൽകേണ്ടത്. എന്നാൽ മാനസിക വെല്ലുവിളി നേരിടുന്ന 44 കുട്ടികൾക്ക് 16370/-രൂപ മാത്രമാണ് 2018-19 ൽ മേൽ പ്രൊജക്ടുകളിലൂടെ ലഭ്യമാക്കിയിട്ടുള്ളത്. 12130/-രൂപ ഈ വർഷം ഈ കുട്ടികൾക്ക് നഷ്ടമായിട്ടുണ്ട്. മുഴവൻ തുകയും ലഭ്യമാക്കാൻ പര്യാപ്തമായ തുക ബജറ്റിലും പ്രൊജക്ട് തയ്യാറാക്കുന്ന വേളയിലും വക കൊള്ളിക്കുന്നില്ല എന്ന് കാണുന്നു. ഭിന്നശേഷിക്കാരായ കുട്ടികളുടെ ക്ഷേമം മുൻ നിർത്തി വിഭാവനം ചെയ്തിരിക്കുന്ന സ്കോളർഷിപ്പ് പൂർണ്ണമായും വിതരണം ചെയ്യുന്നതിന് ആവശ്യമായ തുക വകയിരുത്തുന്നു എന്ന കാര്യം ഉറപ്പു വരുത്തേണ്ടതാണ്.

# 3-10 മരുന്നുകൾ പൂർണമായും ലഭിച്ചില്ല

| | |
|---|---|
| പ്രോജക്ട് | PHCയിലേക്ക് മരുന്ന് വാങ്ങൽ |
| പ്രോജക്ട് നം | 38/19 |
| ചെലവ് | ചെക്ക് നമ്പർ 2386703/31-03-19 തുക 100000/- |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ ,PHC |

PHCയിലേക്ക് മരുന്ന് വാങ്ങുന്നതിനായി KMSCLന് ചെക്ക് നമ്പർ 2386703/31-03-19 പ്രകാരം 100000/- രൂപ നൽകിയിട്ടുള്ളതിൽ 32646/-രൂപയുടെ മരുന്നുകൾ മാത്രമാണ് 06/2019 വരെ ലഭ്യമാക്കിയിട്ടുള്ളത്.ശേഷിക്കുന്ന തുകയായ 67354/- രൂപയുടെ മരുന്ന് നാളിതുവരെ ലഭ്യമായിട്ടില്ല.

| | |
|---|---|
| പ്രോജക്ട് | പാലിയേറ്റിവ് കെയർ കിടപ്പിലായ രോഗികൾക്ക് സ്വാന്തന പരിചരണം |
| പ്രോജക്ട് നം | 34/19 |
| ചെലവ് | ബിൽനമ്പർ 11/18 തീയതി 23-02-19 തുക 55004/- |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ , PHC |

പാലിയേറ്റിവ് കെയർ പദ്ധതിക്കായി താഴെപ്പറയുന്ന ക്രഡിറ്റ് ഇൻവോയ്സുകളുടെ അടിസ്ഥാനത്തിൽ സപ്ലൈകോ മാവേലി മെഡിക്കൽ സ്റ്റോർ, അങ്കമാലിക്ക് 55004/-രൂപ നൽകിയിട്ടുണ്ട്.

| ഇൻവോയ്സ് നമ്പർ | തുക |
|---|---|
| 778/08-01-19 | 14965 |
| [illegible] | [illegible] |

| | |
|---|---|
| 779/10-01-19 | 14842 |
| 780/12-01-19 | 12612 |
| 781/18-01-19 | 12585 |
| | 55004 |

മേൽ ഇൻവോയ്സുകൾ പ്രകാരമുള്ള മരുന്നുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. ഇവയുടെ ബില്ലുകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല.ക്രഡിറ്റ് ഇൻവോയ്സുകളുടെ അടിസ്ഥാനത്തിൽ സപ്ലൈകോ മാവേലി മെഡിക്കൽ സ്റ്റോർ , അങ്കമാലിക്ക് 55004/-രൂപ നൽകിയത് ക്രമപ്രകാരമല്ല.

മരുന്നുകൾ ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ലഭിക്കാത്ത മരുന്നുകളുടെ വിലയായ 122358/-
(67354+55004) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-11 വസ്തു നികുതി പരിഷ്ക്കരണം - പ്രതിഫലം നൽകിയത് ക്രമ പ്രകാരമല്ല.

വൌച്ചർ നം: 21800095 തീയതി. 08-05-2018

തുക : 28408.00

സർക്കാർ ഉത്തരവ് (സാധ) 2414/2011/ LSGD / 20-10-2011 പ്രകാരം വസ്തു നികുതി പരിഷ്ക്കരണത്തിന്റെ ഭാഗമായി കെട്ടിടങ്ങളുടെ അടിസ്ഥാന വിവരങ്ങൾ എഴുതി ശേഖരിക്കുന്നതിനും, നികുതിദായകരെ വിവരത്തിന്റെ ഒരു പ്രതി നൽകി അറിയിക്കുന്നതിനും, സഞ്ചയ സോഫ്റ്റ് വെയറിൽ ഓൺലൈൻ ആയി വിവരങ്ങൾ അതതു ദിവസം രേഖപ്പെടുത്തുന്നതിനുമായി കെട്ടിടം ഒന്നിന് 8 രൂപ അനുവദിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ആയതനുസരിച്ച് മേൽ വൌച്ചർ പ്രകാരം 1,2,6,11,12,13 എന്നീ വാർഡുകളിൽ 2677 കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തിയതിന് ശ്രീ. നൈജോ മോൻ ആന്റണിക്ക് രൂ.21416.00 യും, ശ്രീമതി. ആർ.കവിത നായർക്ക് 5, 7 എന്നീ വാർഡുകളിൽ 874 കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തിയതിന് 6992.00 രൂപയും പ്രതിഫലം നൽകിയിട്ടുണ്ട്. ഈ ചെലവ് സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ വന്നിട്ടുണ്ട്.

എ) സർക്കാർ ഉത്തരവ് പ്രകാരം വസ്തു നികുതി വിവരശേഖരണം, സഞ്ചയയിൽ രേഖപ്പെടുത്തൽ എന്നിവ 16-10-2012 നകം പൂർത്തീകരിക്കേണ്ടതായിരുന്നു. കെട്ടിടങ്ങളുടെ അടിസ്ഥാന വിവരങ്ങൾ എഴുതി ശേഖരിച്ചതും, നികുതിദായകരെ വിവരത്തിന്റെ ഒരു പ്രതി നൽകി അറിയിച്ചതും, സഞ്ചയ സോഫ്റ്റ് വെയറിൽ ഓൺലൈൻ ആയി വിവരങ്ങൾ അതതു ദിവസം തന്നെ രേഖപ്പെടുത്തിയതും സംബന്ധിച്ച് അക്കാലയളവിൽ മേൽനോട്ട ചുമതലയുള്ള സെക്രട്ടറിയുടെ സാക്ഷ്യപത്രം / കുറിപ്പുകൾ ഫയലിൽ ലഭ്യമല്ല. കൂടാതെ വസ്തു നികുതി വിവരശേഖരണം നടത്തിയതിന് പ്രതിഫലം നൽകുവാൻ കാലതാമസം വന്നതിന്റെ വിശദീകരണവും ലഭ്യമാക്കിയിട്ടില്ല.

2)കാലപരിധിക്കുശേഷം തുക നൽകുന്നതിന് ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത് / പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിൽ നിന്നും ആവശ്യമായ അനുമതി വാങ്ങിയിട്ടില്ല.

മേൽ അപാകതൾക്ക് മതിയായ വിശദീകരണം ലഭ്യമാക്കുന്നത് വരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 4500000 | ലൈഫ് ഭവന പദ്ധതി | 4500000 | |
| | 2018-19 | 1000000 | ലൈഫ് ഭവന പദ്ധതി | 1000000 | |
| | 2018-19 | 61700 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 61700 | |
| ജില്ലാ പഞ്ചായത്ത് | 2018-19 | 217464 | നെൽകൃഷി വികസനം | 217464 | |
| ജില്ലാ പഞ്ചായത്ത് | 2018-19 | 374975 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 374975 | |
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 506706 | ലൈഫ് ഭവന പദ്ധതി | 400000 | 106706 |
| | 2017-18 | 682150 | ലൈഫ് ഭവന പദ്ധതി | 682150 | |
| | 2018-19 | 1514080 | ലൈഫ് ഭവന പദ്ധതി | 1514080 | |
| | 2018-19 | 140000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 140000 | |
| | 2018-19 | 110000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 110000 | |

# 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ | 21800646/ 30-11-18 | 299649 | ഇല്ല | 299649 |
| വാട്ടർ അതോറിറ്റി | കുടി വെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ | 21800643/ 30-11-18 | 300000 | ഇല്ല | 300000 |
| കെ.എസ്. ഇ.ബി | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 57060/ 15-03-19 57063/ 28-03-19 | 136720 | ഇല്ല | 136720 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-4. വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMS ഭവന പദ്ധതി | സ. ഉ (സാധാ) 330/2010/ തസ്വഭവ തീയതി 18-02-10 | 8182500 | 912655 | 818250 | 0 | 94405 |
| ലൈഫ് മിഷൻ | സ. ഉ (എം എസ്) 111/18തസ്വഭവ തീയതി 13-08-18 | 4376645 | 0 | 0 | 0 | 4376645 |

# 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

.

# 4-6. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1870 /- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2006-07 | 2-3(1) | 150 | പി.സി വിൽസൺ , UDC | 1180100109/ 6-04-2018. |
| 2011 -12, 2012-13 | 3(1) | 1720 | K.Sജയപ്രകാശ്, LDC | 118020500020/13-09-18 |
| ആകെ | | 1870 | | |

.

# 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

# 4-8. ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 68574323 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 66057181 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 119303 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 925930 |

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 3-1 | | 115960 | അന പ്രിയ. ആർ , അസി.എഞ്ചിനീയർ |
| 3-3 | | 3338 | അന പ്രിയ. ആർ , അസി.എഞ്ചിനീയർ |
| **ആകെ** | | **119298** | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 38795 | T.Pരാധാകൃഷ്ണൻ , സെക്രട്ടറി |
| 3-7 | 736369 | അബ്ദുൾ ഹക്കിം, സെക്രട്ടറി |
| 3-10 | 122358 | ഡോ. ലിജ ദിവാകരൻ, മെഡിക്കൽ ഓഫീസർ |
| 3-11 | 28408 | T.Pരാധാകൃഷ്ണൻ , സെക്രട്ടറി |
| ആകെ | 925930 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നം 3-3 രൂപ 11626/-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അബ്ദുൾഹക്കിം. U | സെക്രട്ടറി, ഗ്രാമ പഞ്ചായത്ത്. | സുഹൈൽ മൻസിൽ വടക്കാഞ്ചേരി, പാലക്കാട് |
| രാധാകൃഷ്ണൻ .T.P | (വിരമിച്ചു.) | തേനാട്ടിൽ ഹൌസ് പാറക്കടവ് പി.ഒ |
| അന പ്രിയ.ആർ | അസി.എഞ്ചിനീയർ LSGD തുറവൂർ ഗ്രാമപഞ്ചായത്ത് | ചാത്തുപ്പള്ളിൽ ഹൌസ് മൈക്കാവ്, വാപ്പലശ്ശരി പി.ഒ അങ്കമാലി |
| ഡോ. ലിജ ദിവാകരൻ | മെഡിക്കൽ ഓഫീസർ,PHC മഞ്ഞപ്ര ഗ്രാമ പഞ്ചായത്ത് | മന്നംകുടി ഹൌസ് NN186,അങ്കമാലി |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പരും തീയതിയും |
|---|---|
| 1996-97 | എൽ.എഫ്.ഇ.(പി3)716/98 - 14.10.1998 |

| | |
|---|---|
| 1997-98 | എൽ.എഫ്.ഇ.(പി4)210/00 - 01.12.2000 |
| 1998-99 | എൽ.എഫ്.ഇ.(പി4)1210/04 - 05.03.2005 |
| 1999-00 | എൽ.എഫ്.ഇ.(പി4)1221/04 - 11.03.2005 |
| 2000-01 | എൽ.എഫ്.ഇ.(പി4)441/05 - 07.10.2005 |
| 2001-02 | എൽ.എഫ്.ഇ.(പി4)78/04 - 21.01.2007 |
| 2002-03 | എൽ.എഫ്.ഇ.(പി4)1427/08 -20.03.2009/30.11.2009 |
| 2003-04 | എൽ.എഫ്.ഇ.(പി4)1428/08 - 20.03.2009/30.11.2009 |
| 2004-05 | എൽ.എഫ്.ഇ.(പി4)1429/08 – 20.03.2009/30.11.2009 |
| 2005-06 | എൽ.എഫ്.ഇ.(പി4)1430/08 – 20.03.2009/30.11.2009 |
| 2006-07 | എൽ.എഫ്.ഇ.(പി4)1431/98 – 20.03.2009/30.11.2009 |
| 2007-08 | എൽ.എഫ്.ഇ.(പി4)1079/09 - 20.01.2010 |
| 2008-09 | എൽ.എഫ്.ഇ.(പി4)1586/12 - 14.09.2012/12.12.2012 |
| 2009-10 | എൽ.എഫ്.ഇ.(പി4)1792/10 - 05.08.2011/11.10.2011 |
| 2010-11 | എൽ.എഫ്.ഇ.(പി4)1586/12 - 14.09.2012/12.12.2012 |
| 2011-12 & 2012-13 | എൽ.എഫ്.ഇ.(പി4)1335/14 - 13.10.2014/14.11.2014 |
| 2013-14 & 2014-15 | കെ.എസ്.എ.ഇ.കെ.എം(പി4എ) 1001/2016 - 27.06.2016 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം(പി4) 2204/2016 – 24.12.2016 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം(പി4) 1814/2017 – 16.09.2017 |
| 2017-18 | കെ.എസ്.എ.ഇ.കെ.എം(പി4) 151/2019 – 19.03.2019 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
എറണാകുളം

.

# അനുബന്ധം 1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **മഞ്ഞപ്ര** ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു.

സ്ഥാപനത്തിന്റെ വരവുകൾ യഥാവിധം കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

**അനുബന്ധം-2**

2018-19സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. വസ്തുനികുതി സംബന്ധിച്ച് സഞ്ചയ പ്രകാരമുള്ള കണക്കുകൾ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള കണക്കുമായി പൊരുത്തപ്പെടുന്നില്ല.

2. ഭൂമിയുൾപ്പെടെയുള്ള തൻവർഷം സൃഷ്ടിക്കപ്പെട്ട ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. സാക്ഷരത അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകയായ 1000/- രൂപ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 ൽ ഉൾപ്പെടുത്തിയിട്ടില്ല.

**ഡെപ്യൂട്ടി ഡയറക്ടർ**

## Annexure - I

## AUDIT CERTIFICATE

Certified that I have examined the Annual Financial Statement of MANJAPRA Grama Panchayat in Ernakulam District for the year ended on 31.03.2019 in accordance with Section '4' of the Kerala Local Fund Audit Act 1994, Section 215(6) of the Kerala Panchayat Raj Act 1994, Rule 64 of Kerala Panchayat Raj Accounting rule 2011, and the guidelines issued by the Comptroller and Auditor General of India for the purpose of Certification of Accounts of Panchayat Raj Institutions, and the instructions vide G.O.(Rt)1413/2018/LSGD dated 22/05/2018.

In my opinion the Annual Financial Statement of Manjapra Grama Panchayat for the year 2018-19 subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

DEPUTY DIRECTOR

## ANNEXURE -II

**Defects of the Annual Financial Statement of Manjapra Grama Panchayath for the financial year 2018-19**

1. The Property tax figures recorded in the AFS is not reconciled with the figures as per Sanchaya software.

2. All assets including land has not been properly accounted and included in the Asset register and these figures are not reconciled with the AFS.

3. The closing balance amount (Rs. 1000/-) of Saksharatha account has not been included in the B4 schedule of balance sheet.

DEPUTY DIRECTOR